## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 6334          08.11.2016- ൽ   മറുപടിയ്ക്ക്

### സെക്രട്ടറിയേറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഹൈബി ഈഡൻ** | **ശ്രീ. പിണറായി വിജയൻ**<br>***(മുഖ്യമന്ത്രി)*** |
| (എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ താഴ്ന്ന വിഭാഗം ജീവനക്കാരുടെ (ലോ പെയ്ഡ് എംപ്ലോയീസ്) എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ; | (എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ വിഭാഗത്തിൽപ്പെട്ട ഓഫീസ് അറ്റൻഡന്റമാരുടെ 20 ഒഴിവുകൾ നിലവിലുണ്ട്. ലോ പെയ്ഡ് വിഭാഗത്തിൽപ്പെട്ട മറ്റ് തസ്തികകളിൽ ഒഴിവുകൾ ഒന്നും നിലവിലില്ല. |
| (ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് നീക്കി വെച്ചിരിക്കുന്ന അസിസ്റ്റന്റ്/കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിലേക്ക് ബൈട്രാൻസ്ഫർ മുഖേനയുള്ള ഉച്ചമായ ഒഴിവുകളിൽ യഥാസമയം നിയമനം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) താഴ്ന്ന വിഭാഗം ജീവനക്കാർക്കായി നീക്കിവച്ചിട്ടുള്ള ബൈ ട്രാൻസ്ഫർ മുഖേനയുള്ള ഒഴിവുകൾ യഥാസമയം നികത്തിവരുന്നു. |
| (സി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ താഴ്ന്ന വിഭാഗം തസ്തികകളിൽ വരുന്ന ഒഴിവുകൾ കാലതാമസമില്ലാതെ അപ്പപ്പോൾ തന്നെ നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) ഓഫീസ് അറ്റൻഡന്റമാരുടെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തുവരുന്നു. പ്രൊമോഷൻ ബൈട്രാൻസ്ഫർ വഴി നികത്തേണ്ട ഒഴിവുകൾ യഥാസമയം സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രൊമോഷൻ നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**